# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.639** | **10/07/2014-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പ് വരുത്താൻ നടപടി

**ചോദ്യം**

ശ്രീ. എം. ഉമ്മർ
" സി. മോയിൻകുട്ടി
" സി. മമ്മൂട്ടി
" അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്ന് വിതരണത്തിൽ സന്തുലിത പാലിക്കാനും ആവശ്യാനുസരണം മരുന്ന് ലഭ്യത ഉറപ്പാക്കാനും എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വാർഷിക ഇൻഡന്റ് ലഭിച്ച ഉടൻ തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28.01.2014 നുതന്നെ 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള ടെണ്ടർ ക്ഷണിച്ചിരുന്നു. പർച്ചേസ് ഓർഡർ നൽകിയ മരുന്നുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ 2014-15 സാമ്പത്തിക വർഷത്തെ സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്നു വിതരണത്തിൽ സന്തുലനം പാലിക്കാനും ആവശ്യാനുസരണം മരുന്നു ലഭ്യത ഉറപ്പാക്കുന്നതിനുമായി അത്യാവശ്യമുള്ള മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങുന്നതിനുള്ള നിർദ്ദേശം 05.06.2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 1856/2014/ആ.കു.വ പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ഓർഡർ നൽകിയതിൽ 04.07.2014 വരെ 104 ഓളം മരുന്നുകൾ വെയർഹൗസുകളിൽ എത്തിച്ചേർന്നിട്ട് അവ ആശുപത്രികൾക്ക് വിതരണം നടത്തുകയും ചെയ്തുതുടങ്ങി.<br><br>സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾക്ക് വേണ്ട മരുന്നുകളുടെ ദൗർലഭ്യം ഉണ്ടായിരുന്നു. ഇതു പരിഹരിക്കാൻ ആശുപത്രി മേധാവികൾക്ക് RSBY fund വിനിയോഗിച്ച് കൊണ്ട് Local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ മൂന്ന് കോടി രൂപയും ഇതിനായി അനുവദിച്ചിട്ടുണ്ട്. ഈ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ വഴിയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വഴിയും ആശുപത്രികളിലെ സൂപ്രണ്ടുമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോ ഡിപ്പാർട്ട്മെന്റുകളിലും മുൻ വർഷങ്ങളിൽ ഉപയോഗിച്ചിട്ടുള്ള മരുന്നുകളുടെ കണക്ക് പരിശോധിച്ച് മരുന്നുകളുടെ ആവശ്യകത കണക്കാക്കി ഓരോ ഡിപ്പാർട്ട്മെന്റിന്റെയും മേധാവികൾ ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചു. റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ മരുന്നുകളുടെ കണക്ക് പർച്ചേസിംഗ് ഓഫീസർ, പ്രിൻസിപ്പൽ വഴി ഡി.എം.ഇ.യ്ക്ക് നൽകുന്നു. ഡി.എം.ഇ. ഈ ഇൻഡന്റ് കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും പ്രസ്തുത മരുന്നുകൾ കെ.എം.എസ്.സി.എൽ. ലഭ്യമാക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മരുന്നുകളുടെ സന്തുലിതാവസ്ഥ പാലിക്കുന്നതിനായി പർച്ചേസിംഗ് ഓഫീസർമാരുടെ യോഗം ചേരുകയും ഒരു സ്ഥാപനത്തിന് കൂടുതൽ ആവശ്യമുള്ള മരുന്ന് മറ്റൊരു സ്ഥാപനത്തിൽ അധികമായുണ്ടെങ്കിൽ അവ എക്സ്പയറി ഡേറ്റോടുകൂടി കണക്കാക്കി കൈമാറ്റം ചെയ്യുകയും പർച്ചേസ് നടത്തിയ മുഴുവൻ മരുന്നുകളും കാലാവധിയ്ക്കു മുമ്പായി പരമാവധി ഉപയോഗിക്കാനും ശ്രദ്ധിയ്ക്കുന്നുണ്ട്. |
| (ബി) | മരുന്നുകളുടെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനും സ്റ്റോക്ക് കാലാവധിക്കകം ഉപയുക്തമാക്കുന്നതിനും ഫെഫോ (ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട്) സമ്പ്രദായം എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) | മരുന്നുകളുടെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനും സ്റ്റോക്ക് കാലാവധിക്കകം ഉപയുക്തമാക്കുന്നതിനും ഫെഫോ സമ്പ്രദായമാണ് (ആദ്യം കാലാവധി കഴിയുന്ന മരുന്നുകൾ ആദ്യം വിതരണം ചെയ്യുന്ന രീതി) കോർപ്പറേഷന്റെ ആരംഭകാലം മുതൽ എല്ലാ ജില്ലാ വെയർഹൗസുകളിലും സർക്കാർ ആശുപത്രി സ്റ്റോറിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും സ്വീകരിച്ചു വരുന്നത്. ഇത് കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജില്ലാ സ്റ്റോർ വേരിഫിക്കേഷൻ ടീം ആരോഗ്യ വകുപ്പിലുണ്ട്. |
| (സി) | ഡേറ്റ് എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നുകൾ യഥാസമയം ലഭിക്കുന്നു എന്നുറപ്പു വരുത്താനുള്ള മുൻകരുതലുകളെന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ; | (സി) | ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് അനുസരിച്ച് ഒരു വർഷത്തേയ്ക്കാവശ്യമായ മരുന്നുകളാണ് കോർപ്പറേഷൻ ടെണ്ടർ ചെയ്യുന്നത്. പർച്ചേസ് ചെയ്യുന്നതിൽ 80% മരുന്നുകളും ഉപയോഗിച്ചു തീർക്കുന്നുണ്ട്. അധികം വരാൻ സാധ്യതയുള്ള മരുന്നുകൾ 6 മാസം മുമ്പ് കെ.എം.എസ്.സി.എൽ-ന് റിപ്പോർട്ട് ചെയ്യുകയും തിരിച്ചു നൽകുകയും വാർഷിക ഇൻക്രിമെന്റിൽ ക്രമീകരണം നടത്തുകയും ചെയ്യുന്നുണ്ട്. ടെണ്ടർ ക്വാണ്ടിറ്റി അനുസരിച്ചാണ് വിതരണക്കാർ വില ക്വാട്ട് ചെയ്യുന്നത്. തിരിച്ചെടുക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ടെണ്ടർ ക്ഷണിച്ചാൽ വിതരണക്കാർ വൻ വില ക്വാട്ട് ചെയ്യാൻ ഇടയുണ്ട്. ആയതിനാൽ എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നു നൽകുന്നതിന് കോർപ്പറേഷന്റെ ടെണ്ട റിൽ നിർബന്ധിത വ്യവസ്ഥകളില്ല. |
| (ഡി) | 2013-ൽ എന്ത് തുകയ്ക്കുള്ള മരുന്നുകൾ ഡേറ്റ് എക്സ് പയറിയുടെ പേരിൽ സ്റ്റോക്കിൽ കുറവ് വരുത്തിയിട്ടുണ്ട്? | (ഡി) | 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 26,22,063/- രൂപയുടെ കാലാവധി കഴിഞ്ഞ മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും, 2013-ൽ 6,52,725/- രൂപയുടെ മരുന്നുകൾ ഡേറ്റ് എക്സ്പയറിയുടെ പേരിൽ സർക്കാർ ആശുപത്രികളിലും സ്റ്റോക്കിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ